(സി) സ്റ്റേറ്റ് ഹൈവേ 34-ലെ സൈൻ ബോർഡുകളിൽ കൊയിലാണ്ടി-മണ്ണാർക്കാട് റോഡ് എന്ന് എഴുതി പാലക്കാട് ഭാഗത്തേയ്ക്കുള്ള യാത്രക്കാർക്ക് ആവശ്യമായ വിവരങ്ങൾ നല്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ ആന്റ് ബി) മരാമത്ത് വകുപ്പ് ഇക്കാര്യം പരിശോധിച്ചിട്ടില്ല.

(സി) പരിശോധിച്ച് നടപടി സ്വീകരിക്കുന്നതാണ്.

പാണൻവിള-പാറോട്ടുകോണം ശ്രീകാര്യം റോഡ്

287 [2344] ശ്രീ. കെ. മോഹൻകുമാർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എം. സി. റോഡിനേയും നാഷണൽ ഹൈവേയേയും ബന്ധിപ്പിക്കുന്ന പാണൻവിള-പാറോട്ടുകോണം ശ്രീകാര്യം റോഡ് പി.ഡബ്ള്യു.ഡി.-യുടെ നിയന്ത്രണത്തിലാണോ;

(ബി) 2001 മാർച്ചിൽ ഭരണാനുമതി ലഭിച്ച പാണൻവിള-പാറോട്ടുകോണം ഭാഗത്തെ നിർമ്മാണ പ്രവർത്തനങ്ങൾ അടിയന്തിരമായി ആരംഭിക്കാൻ നിർദ്ദേശം നൽകുമോ;

(സി) പാറോട്ടുകോണം-ഇടവക്കോട്-ശ്രീകാര്യം റോഡ് പി.ഡബ്ള്യു.ഡി. ഏറ്റെടുക്കുന്ന കാര്യം പരിഗണിക്കുമോ?

ഉത്തരം

(എ) ടി റോഡിന്റെ രണ്ടറ്റത്തുമുള്ള ഭാഗങ്ങൾ പൊതുമരാമത്ത് വകുപ്പിന്റെ നിയന്ത്രണത്തിലാണ്.

(ബി) പാണൻവിള മുതൽ കട്ടച്ചൽക്കോണം സ്കൂൾ വരെയുള്ള (കി.മീ. 0/00 മുതൽ 0/600) ഭാഗത്തെ നിർമ്മാണ പ്രവർത്തനങ്ങൾക്ക് ഭരണാനുമതി നൽകിയിരുന്നെങ്കിലും ബഡ്ജറ്റിൽ ആവശ്യമായ തുക ലഭ്യമല്ലാത്തതുകൊണ്ട് തുടർ നടപടികൾ സ്വീകരിക്കുവാൻ സാധിച്ചിട്ടില്ല.

(സി) നിലവിലുള്ള മാനദണ്ഡങ്ങൾക്ക് വിധേയമായി ഈ വിഷയം പരിശോധിക്കുന്നതാണ്.

ഒറ്റപ്പാലം-ചെർപ്പുളശ്ശേരി റോഡ്

288 [2345] ശ്രീ. വി. സി. കബീർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഒറ്റപ്പാലം-ചെർപ്പുളശ്ശേരി റോഡ് 17 കിലോമീറ്റർ പുനർനിർമ്മാണം നടത്തി ശക്തിപ്പെടുത്തുന്നതിന് എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) എങ്കിൽ എത്ര ലക്ഷം രൂപയാണ് ചെലവ് കണക്കാക്കിയിട്ടുള്ളത്;

(സി) പ്രസ്തുത റോഡിന്റെ ടെണ്ടർ കഴിഞ്ഞിട്ടുണ്ടോ;

(ഡി) പ്രസ്തുത പ്രവൃത്തി എന്നാരംഭിക്കുമെന്ന് വെളിപ്പെടുത്തുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) പ്രസ്തുത പ്രവൃത്തിയുടെ എസ്റ്റിമേറ്റ് തുക 57.50 ലക്ഷം രൂപയാണ്.

(സി) ഉണ്ട്.

(ഡി) എഗ്രിമെന്റ് അനുസരിച്ച് പ്രവൃത്തി ആരംഭിച്ചിട്ടുണ്ട്.

കുളപ്പുള്ളി-ഏലിയാപ്പറ്റ റോഡ്

289 [2346] ശ്രീ. വി. സി. കബീർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഒറ്റപ്പാലം മണ്ഡലത്തിലെ കുളപ്പുള്ളി-ഏലിയാപ്പറ്റ റോഡ് നബാർഡ് സ്കീമിൽ ഉൾപ്പെടുത്തി നവീകരണത്തിന് ഉദ്ദേശിക്കുന്നുണ്ടോ;

(ബി) എങ്കിൽ എത്ര ലക്ഷം രൂപയാണ് ഇതിന് ചെലവ് കണക്കാക്കിയിട്ടുള്ളത്;

(സി) പ്രസ്തുത പ്രവൃത്തി എന്ന് തുടങ്ങി എന്ന് പൂർത്തിയാക്കുമെന്ന് വെളിപ്പെടുത്തുമോ?

ഉത്തരം

(എ) ഒറ്റപ്പാലം മണ്ഡലത്തിലെ കുളപ്പുള്ളി-ഏലിയാപ്പറ്റ റോഡിന്റെ ഡീറ്റയിൽഡ് പ്രോജക്ട് റിപ്പോർട്ട് നബാർഡിന്റെ ധനസഹായത്തിനായി സമർപ്പിച്ചിട്ടുണ്ട്.

(ബി) 134 ലക്ഷം രൂപ.

(സി) നബാർഡിന്റെ ധനസഹായം ലഭിച്ചാലുടനെ പണി തുടങ്ങുകയും ഒന്നര വർഷത്തിനുള്ളിൽ പൂർത്തിയാക്കുകയും ചെയ്യുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly